" ഭരണഭാഷ - മാതൃഭാഷ "

സി2-15471/2018.

പഞ്ചായത്ത് ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി: 16.05.2018

# സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് - ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണ ത്തിലുമുളള പുറമ്പോക്ക് സ്ഥലങ്ങളുടെ സംരക്ഷണം - നിബന്ധനകൾ സംബന്ധിച്ച്.

സൂചന : 1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169, 218, 279.
2. 1996ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃത മായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ
3. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊ ഴിക്കലും) ചട്ടങ്ങൾ
4. 25/9/2014ലെ 41630/ആർ.സി4/2014/തസ്വഭവ നമ്പർ സർക്കുലർ.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ ഉള്ളതോ നിക്ഷിപ്തമാ യതോ ആയ പൊതു സ്ഥലങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ തെറ്റായ നടപടിക്രമങ്ങൾ കാരണം അന്യാധീനപ്പെട്ടു പോകുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവി ക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളും കർശനമായി പാലിക്കേ ണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169 പ്രകാരം എൻ.എച്ച്., എസ്.എച്ച്., ജില്ലാ റോഡ് എന്നിവ ഒഴികെയുള്ള എല്ലാ റോഡുകളും, സെക്ഷൻ 218 പ്രകാരം എല്ലാ പൊതു ജല സ്രോതസ്സുകളും, അവയോട് ചേർന്നുള്ള സ്വകാര്യ വസ്തു അല്ലാത്ത ഭൂമിയും സെക്ഷൻ 279 പ്രകാരം കന്നുകാലി മേച്ചിൽ സ്ഥലം, ശ്മശാനം, വണ്ടിത്താവളം എന്നിവയും ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധികാരങ്ങളും, കർത്തവ്യങ്ങളും, ചുമതലകളും- 3-ാം പട്ടികയിൽ അനിവാര്യ ചുമതല കളായി തരം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പ്രദേ ശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കർത്തവ്യമാണ്. ആയതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും, പദ്ധതികളും, കെട്ടിടങ്ങളും, മറ്റു വസ്തുവകകളും സ്വത്തുക്കളും, ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് കൈമാറ്റം ചെയ്യേ ണ്ടതും അപ്രകാരം കൈമാറുന്ന ഓരോ സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിന്റെ പേരി ലുള്ള സ്ഥാപനമായിരിക്കുന്നതും ആ പേരിനാൽ അറിയപ്പെടുന്നതുമാണ്. അപ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുന്ന വസ്തുവകകൾ ഉൾപ്പെടെയുള്ള ആസ്തികൾ

അന്യാധീനപ്പെടുത്താനോ, കടപ്പെടുത്താനോ ബാദ്ധ്യതപ്പെടുത്താനോ ഗ്രാമപഞ്ചായത്തുകൾക്ക് അധികാരമില്ല.

തോട് പുറമ്പോക്കുകൾ പതിച്ച് നൽകുന്നത് നിയമവിരുദ്ധവും തോട് പുറമ്പോക്കുകൾ കൈയ്യേറുന്നത് മൂലം വെള്ളം ഒഴുകി പോകുന്നതിന് തടസ്സം നേരിടുകയും ആയത് കൃഷിയേയും ജലസമ്പത്തിനേയും ദോഷകരമായി ബാധിക്കുകയും ചെയ്യും. ആയതിനാൽ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ തോട് പുറമ്പോക്ക് ഉൾപ്പെടെയുള്ള എല്ലാ കൈയ്യേറ്റ ഭൂമിയും അളന്ന് തിട്ടപ്പെടുത്തി 1996-ലെ കേരള പഞ്ചായത്ത് രാജ് (കൈയ്യേറ്റം നീക്കം ചെയ്യലും, അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴചുമത്തലും, ഈടാക്കലും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തുകൾ നടപടികൾ സ്വീകരിക്കേണ്ടതും ഇത് സംബന്ധിച്ച് സൂചന (4) സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

പഞ്ചായത്തിന് സ്വന്തമല്ലാത്തതും, എന്നാൽ പഞ്ചായത്തിൽ നിക്ഷിപ്തമായതുമായ ഏതൊരു വസ്തുവും ഏത് വ്യവസ്ഥകളിന്മേലാണോ അവ നിക്ഷിപ്തമായത് ആ വ്യവസ്ഥകൾ ലംഘിക്കാതെ പാട്ടത്തിന് നൽകാവുന്നതാണ്. എന്നാൽ 166-ാം വകുപ്പ് 6-ാം ഉപവകുപ്പ് പ്രകാരം സർക്കാർ പഞ്ചായത്തുകൾക്ക് കൈമാറിയ ഏതെങ്കിലും വസ്തു പഞ്ചായത്ത് വിൽക്കുവാനോ, കൈമാറ്റം ചെയ്യുവാനോ, അന്യാധീനപ്പെടുത്തുവാനോ, മറ്റു വിധത്തിൽ കൈയ്യൊഴിയുവാനോ പാടുള്ളതല്ല.

പഞ്ചായത്തിന്റെ വകയായതോ, നിക്ഷിപ്തമായതോ അതിന്റെ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും ഭൂമി ഗ്രാമപഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ആരെങ്കിലും കൈവശം വയ്ക്കുകയാണെങ്കിൽ ആയത് കൈയ്യേറ്റമായി കണക്കാക്കേണ്ടതും കൈയ്യേറ്റക്കാരൻ ഇത് സംബന്ധിച്ച് അതാത് കാലങ്ങളിൽ പിഴകൊടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി ഭൂമി ഒഴിപ്പിക്കേണ്ടതും നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും, കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3 അനുസരിച്ച് ഏതെങ്കിലും പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനം നൽകുന്നതിനോ വേണ്ടി സർക്കാരിന്റെ അനുമതിയോടെ മാത്രമേ വസ്തു ആർജ്ജിക്കുവാനോ, കൈയ്യൊഴിയാനോ സാധിക്കുകയുള്ളൂ. അപ്രകാരമല്ലാതെ പൊതു സ്ഥലം കൈയ്യൊഴിഞ്ഞ് പകരം സ്വകാര്യ വസ്തു ആർജ്ജിക്കുന്നതിനുള്ള അനുമതിക്കായി പ്രൊപ്പോസലുകൾ സമർപ്പിക്കാൻ പാടുള്ളതല്ല.

നിയമത്തിലെയും, ചട്ടങ്ങളിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കാത്തതിനാൽ പല പഞ്ചായത്തുകളുടെയും വസ്തുവകകൾ കൈയ്യേറ്റം വഴിയോ അല്ലാതെയോ

അന്യാധീനപ്പെടുന്ന സ്ഥിതി വർദ്ധിച്ചു വരുന്നതായി കാണുന്നു. കൂടാതെ ഇത് സംബന്ധിച്ച് ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയും കാലികമാക്കിയും സൂക്ഷിച്ചു വരുന്ന തായും കാണുന്നില്ല. ഇത്തരത്തിൽ പഞ്ചായത്ത് ആസ്തി സംരക്ഷിക്കാത്ത ഗ്രാമപഞ്ചാ യത്തുകൾക്കും ഉദ്യോഗസ്ഥർക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു.

(ഒപ്പ്)

പി.മേരിക്കുട്ടി, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

പകർപ്പ്:- 1) എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2) എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
3) എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
4) എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
5) സിസ്റ്റം മാനേജർ, പഞ്ചായത്ത് വകുപ്പ് (സർക്കുലർ പഞ്ചായത്ത് വകുപ്പി ന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും വെബ് സൈറ്റിൽ പ്രസിദ്ധീകരി ക്കുന്നതിന്)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

പി.വി.16.05.18